(ഇ, എഫ്) മുഴുവൻ വീടുകളുടെ പണിയും ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കുന്നതാണ്.

(ജി) ഉണ്ട്.

(എച്ച്) വായ്പതുക കൂട്ടിക്കൊടുക്കുന്ന കാര്യം ഗുണഭോക്താവിന്റെ തിരിച്ചടയ്ക്കാനുള്ള കഴിവും വായ്പയുടെ ലഭ്യതയും കണക്കിലെടുത്തശേഷം പരിഗണിക്കുന്നതാണ്.

(ഐ) അധികൃതമായി ഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് പട്ടയമില്ലെങ്കിലും കളക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വായ്പ നൽകുന്നുണ്ട്. മറ്റു കേസുകളിൽ വായ്പ നൽകാൻ സാദ്ധ്യമല്ല.

റീസർവ്വേയുടെ പുരോഗതി

655. [880] ശ്രീ. പി. എം. അബൂബക്കർ :
,, പി. വി. മുഹമ്മദ് :
,,, ഇ. ടി. മുഹമ്മദ് ബഷീർ :
,, കെ. പി. എ. മജീദ് :
,, സി. ടി. അഹമ്മദലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റീസർവ്വെ പ്രവർത്തനങ്ങൾ എന്നു മുതലാണ് ആരംഭിച്ചത് ;

(ബി) റീസർവ്വേ പ്രവർത്തനം എന്നു പൂർത്തീകരിക്കാൻ സാധിക്കും;

(സി) ഇതുവരെ എത്ര ചതുരശ്ര കിലോമീറ്റർ പ്രദേശത്തിന്റെ റീസർവ്വേ നടന്നു;

(ഡി) നടപ്പുവർഷം ആഗസ്റ്റുവരെ ഇതിനായി ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) 1966-67 വർഷം മുതൽ.

(ബി) 1993-ൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

(സി) 20,281 ച. കി.മീറ്റർ പ്രദേശത്തിന്റെ റീസർവേ ഫീൽഡ് ജോലി നടന്നിട്ടുണ്ട്.

(ഡി) 4633.87 ലക്ഷം രൂപ.

റീസർവ്വേ പൂർത്തിയായ ജില്ലകൾ

656. [881] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റീസർവ്വേ ജോലികൾ എത്ര ജില്ലകളിൽ പൂർത്തിയായിട്ടുണ്ട് ;

(ബി) ഇതിനോടകം എത്ര വില്ലേജുകളിലെ റീസർവ്വേ റിക്കാർഡുകൾ റവന്യൂ റിക്കാർഡുകളാക്കി രൂപാന്തരപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റീസർവേ ഒരു ജില്ലയിലും പൂർണ്ണമായി കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തെ 61 താലൂക്കുകളിൽ 18 താലൂക്കുകളിൽ റീസർവ്വേ ഫീൽഡു പ്രവർത്തനം പൂർത്തിയായിട്ടുണ്ട്.

(ബി) 147 വില്ലേജുകളിൽ റീസർവ്വേ റിക്കാർഡുകൾ റവന്യൂ റിക്കാർഡുകളാക്കി രൂപാന്തരപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly